ടുത്തി വാങ്ങിയശേഷം പരീക്ഷയുടെ മാർക്ക് രേഖപ്പെടുത്തി ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുന്നു.

(ബി) ഇല്ല.

(സി)&(ഡി) പരിശോധിച്ചുവരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

(എഫ്) സാധാരണയായി ലഭിക്കുന്ന അപേക്ഷകൾ അധികവും അപൂർണ്ണമായിരിക്കും. നിലവിലുള്ള നടപടിക്രമമനുസരിച്ച് ഗസറ്റ് വിജ്ഞാപനം കഴിഞ്ഞതിനുശേഷമാണ് ബ്ലാങ്ക് ബുക്ക് സ്കൂളിലേയ്ക്കയക്കുന്നത്. പൂർണ്ണമായി വിവരങ്ങൾ ലഭ്യമാക്കുന്ന അപേക്ഷകൾക്ക് ആറുമാസത്തിനുള്ളിൽ തന്നെ ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുന്നതാണ്.

**37 (1251) സ്കൂൾ കുട്ടികൾക്ക് പോഷകാഹാര വിതരണം**

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യാ ഗവൺമെന്റിന്റെ മാനവശേഷി വികസന മന്ത്രാലയത്തിലെ വിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള 26.3.1997-ലെ 6-33/97ഡസ്ക് (ഇ) എന്ന നമ്പരിലുള്ള കത്ത് സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആ കത്തിൽ ഒന്നു മുതൽ അഞ്ചുവരെ സ്റ്റാന്റേർഡുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യത്തിന് പോഷകാഹാരം ലഭിക്കുന്നതിനായി പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, വൈകുന്നേരം സ്നാക്സ് എന്നിവ കൊടുക്കുവാൻ ഏർപ്പാടുണ്ടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ ഉച്ചഭക്ഷണത്തിന് കേന്ദ്ര ഗവൺമെന്റ് നൽകിവരുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് വർദ്ധിപ്പിച്ചുവോ;

(ഡി) എങ്കിൽ എത്ര ടണ്ണായാണ് അത് വർദ്ധിപ്പിച്ചത്;

(ഇ) വർദ്ധിപ്പിച്ച ഭക്ഷ്യധാന്യം സംസ്ഥാന ഗവൺമെന്റ് ഏറ്റുവാങ്ങുന്നുണ്ടോ;

(എഫ്) എങ്കിൽ കേന്ദ്രം നിർദ്ദേശിച്ച പ്രകാരം കുട്ടികൾക്ക് പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, വൈകുന്നേരം സ്നാക്സ് എന്നിവ കൊടുക്കുന്നുണ്ടോ;

(ജി) ഇല്ലെങ്കിൽ കാരണം എന്ത്;

(എച്ച്) പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, വൈകുന്നേരം സ്നാക്സ് എന്നിവ കൊടുക്കുന്നതിനായി വർദ്ധിപ്പിച്ച തോതിൽ നൽകിവരുന്ന ഭക്ഷ്യധാന്യം എപ്രകാരം വിനിയോഗിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഐ) വിശേഷ അവസരങ്ങളിൽ കുട്ടികൾക്കു കൊടുക്കുന്ന അരി എവിടെ നിന്ന് ലഭിക്കുന്നതാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)മുതൽ(എച്ച്)വരെ ലഭിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് മുന്നുനേരവും ഭക്ഷണം നൽകണമെന്ന് പ്രസ്തുത കത്തിൽ കേന്ദ്രം നിർദ്ദേശി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടില്ല. എന്നാൽ ഇതുവരെ തെരഞ്ഞെടുത്ത ചില ബ്ലോക്കുകളിൽമാത്രം നടപ്പിലാക്കിയിരുന്ന സമഗ്ര പോഷകാഹാര പദ്ധതി, സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലേയ്ക്കും വ്യാപിപ്പിച്ചു. ഇതിന്റെ ഭാഗമായി ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രതിദിനം സൗജന്യമായി, കേന്ദ്രസർക്കാരിൽനിന്നും അരി ലഭിക്കുന്നു. പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 3 നേരത്തെ ഭക്ഷണം നൽകുന്നതിന് 24.7.1997ലെ ഉത്തരവ് നം. (ആർ.ടി.)2536/97/പൊ.വി. അനുസരിച്ച് ഒരു സ്കീം തയ്യാറാക്കിയിരുന്നു. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നടത്താനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ചില പ്രായോഗിക വൈഷമ്യങ്ങൾ കാരണം സ്കീം നടപ്പിലാക്കാൻ കഴിഞ്ഞില്ല. ദൈനംദിന ഉച്ചഭക്ഷണ വിതരണത്തിനായി

1997-98 അദ്ധ്യയനവർഷം 60788.976 മെട്രിക്ടൺ അരിയും 1998-99 അദ്ധ്യയനവർഷം 42987.433 മെട്രിക്ടൺ അരിയും 1999-2000 വർഷം നവംബർ മാസംവരെ 34531.126 മെട്രിക്ടൺ അരിയും ഇൻഡ്യാഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുണ്ട്.

(ഐ) ഉച്ചഭക്ഷണ വിതരണത്തിനായി കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന അരി കേരളത്തിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഉപയോഗിക്കുന്നു. ബാക്കിവരുന്ന അരിയും സംസ്ഥാന സർക്കാർ പൊതുവിതരണ ശൃംഖലയിൽനിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിലയ്ക്കെടുക്കുന്ന അരിയും ചേർത്ത് ഉത്സവകാലങ്ങളിൽ വിദ്യാർത്ഥികൾക്ക് 5 കിലോഗ്രാം അരി വീതം സൗജന്യമായി വിതരണംചെയ്യുന്നു. 1999-2000 വർഷം വിലയ്ക്കെടുത്ത അരിയുടെ അളവും വിലയും ചുവടെ ചേർക്കുന്നു.

1) ഓണം - 1999-3750 മെട്രിക് ടൺ, രൂപ 3,42,76,875/

2) ക്രിസ്തുമസ്, റംസാൻ - 19410 മെട്രിക് ടൺ, രൂപ 17,75,00,000

**38 (1252) അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം**

<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോസോഫ്റ്റ് കമ്പനിയുമായി സഹകരിച്ച് കേരളത്തിലെ സ്കൂളുകളിൽ കമ്പ്യൂട്ടർ പഠിപ്പിക്കുവാൻ എത്ര അദ്ധ്യാപകർക്ക് പരിശീലനം കൊടുത്തു; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം കേന്ദ്രത്തിൽ വച്ചാണ് ട്രെയിനിംഗ് നൽകിയത് ഇതിൽ മൾട്ടി നാഷണൽ കമ്പനിയായ മൈക്രോസോഫ്റ്റിന്റെ പങ്കാളിത്തം ഏതു രീതിയിൽ ആയിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കമ്പ്യൂട്ടർ പഠനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എത്ര അദ്ധ്യാപകരെ വിദേശത്ത് പരിശീലനത്തിനോ മറ്റു പഠനത്തിനോ ആയി അയച്ചിട്ടുണ്ട്. എതെല്ലാം സ്ഥലത്ത്; ആരെയെല്ലാം; ഇതിനായി അദ്ധ്യാപകരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തായിരുന്നു;

(ഡി) കമ്പ്യൂട്ടർ പരിശീലന പരിപാടിക്ക് ബഹുരാഷ്ട്ര കമ്പനിയായ മൈക്രോസോഫ്റ്റിന് വിദ്യാഭ്യാസ വകുപ്പ് ഇതുവരെ എത്ര രൂപ നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly